പാഠം 3

# നിങ്ങളുടെ ലോകം തകർന്നുവീഴുമ്പോൾ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 7:1–9; 7:10–13; 7:14.**

**മനഃപാഠവാക്യം: "... നിങ്ങൾക്ക് വിശ്വാസം ഇല്ലെങ്കിൽ സ്ഥിരവാസവുമില്ല" (യെശ. 7:9).**

ഒരു ശബ്ബത്തിൽ ആരാധനയ്ക്കുശേഷം റോയിയും കോണിയും അവരുടെ വാഹനമോടിച്ച് വീട്ടുമുറ്റത്തേക്ക് കയറി. അവർക്കു മുമ്പിലൂടെ ഒരു വളർത്തുകോഴി ഭീതിയോടെ കുറുകെ പറന്നു. എന്തോ കുഴപ്പമുണ്ട്. ആ കോഴികൾ സുരക്ഷിതരായി കൂട്ടിലായിരിക്കേണ്ടതാണ് എന്നാൽ അവയെല്ലാം പുറത്തിറങ്ങിയിരിക്കുന്നു. പെട്ടെന്നുള്ള പരിശോധന ഒരു ദുരന്ത കാഴ്ച മുമ്പിൽ അരങ്ങേറുന്നതു കണ്ടു. അയൽവാസിയുടെ ബിഥോവൻ എന്ന ചെറിയ നായ അവരുടെ വീട്ടിൽനിന്ന് രക്ഷപ്പെട്ട് ഡെയ്സി എന്ന കോഴിയെ വായ്ക്കുള്ളിലാക്കി കുളക്കരയിലുണ്ടായിരുന്നു. നല്ല സുന്ദരമായ പതുപതുത്ത തൂവലുകളുള്ള മുട്ടയിടുന്ന ഡെയ്സിയെ രക്ഷിച്ചു. പക്ഷേ വളരെ വൈകിപ്പോയിരുന്നു. അവളുടെ വിലപ്പെട്ട വളർത്തുപക്ഷി ഒടിഞ്ഞു തൂങ്ങിയ കഴുത്തുമായി കോണിയുടെ കരങ്ങളിൽ ജീവൻ വെടിഞ്ഞു. അവൾ ആ മുറ്റത്തിരുന്ന് ചത്തകോഴിയെ കൈയിലെടുത്ത് വിലപിച്ചു.

വേറൊരു വളർത്തുപക്ഷി വല്ലാതെ അസ്വസ്ഥമായി. നല്ല പൊക്കമുള്ള ഒരു വെളുത്ത താറാവ് വാഡിൽസ്വേർത്ത്, കോണി ഡെയ്സിയെ കൈയിലെടുത്തിരിക്കുന്നത് കണ്ട് അവൾ അതിനെ കൊന്നതാണെന്ന് അനുമാനിച്ചു. അതുകൊണ്ടു തന്നെ അടുത്ത ഏതാനും ആഴ്ചകൾ, വാഡിൽസ്വേർത്ത് കോണിയെ കണ്ടാലുടനെ അവളുടെ ശക്തമായ ചുണ്ടുകൊണ്ട് അവളെ മാരകമായി കൊത്തുകയും ആക്രമിക്കുകയും ചെയ്തു. ചിലപ്പോഴൊക്കെ ആരാണ് നിങ്ങളുടെ ശത്രുക്കളെന്നോ മിത്രങ്ങളെന്നോ വേർതിരിച്ചറിയുക കഠിനമാണ്.

ഈ ആഴ്ചയിൽ നാം ഇതേ പ്രശ്നമുണ്ടായിരുന്ന ഒരു യെഹൂദ്യ രാജാവിനെക്കുറിച്ച് പഠിക്കയും എന്തുകൊണ്ടാണ് അവൻ തെറ്റായ തിരഞ്ഞെടുപ്പുകൾ എടുത്തതെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 16 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## അപകടം വടക്കുനിന്ന് (യെശ. 7:1–9)

**അവന്റെ വാഴ്ചയുടെ ആദ്യകാലത്തിൽ എന്ത് ഭീകരമായ പ്രതിസന്ധിയാണ് ആഹാസ് രാജാവ് നേരിട്ടത്? (2 രാജാ. 15:37,38; 2 രാജാ. 16:5,6; യെശ. 7:1,2).**

വടക്കൻ യിസ്രായേലും (എഫ്രയീം) സിറിയയും (അരാം) തെക്കുള്ള ചെറിയ രാജ്യമായ യെഹൂദ്യക്കുമേൽ അക്രമം അഴിച്ചുവിട്ടു. ഇതു സംഭവിച്ചത് ഏദോമ്യരുടെയും ഫെലിസ്ത്യരുടെയും ആക്രമണത്താൽ ബലഹീനരായിരുന്നപ്പോഴാണ്. മുമ്പ്, യെഹൂദാ യിസ്രായേലിനെതിരെ യുദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ യിസ്രായേലും സിറിയയും തമ്മിലുള്ള സഖ്യം വലിയൊരു പ്രശ്നം സൃഷ്ടിച്ചിരുന്നു. അസ്സീര്യയുടെ തിഗ്ലത്ത് പിലേസർ III (2 രാജാ. 15:19 ൽ പൂൽ എന്നു വിളിക്കുന്നു) എന്ന മഹാശക്തിക്കെതിരെ ഉള്ള ഒരു സഖ്യത്തിൽ യെഹൂദയെ നിർബന്ധമായി ചേർക്കണം എന്ന് യിസ്രായേലും സിറിയയും ആഗ്രഹിച്ചിരുന്നതായി തോന്നുന്നു. മഹാവിപത്തിന്റെ വെളിച്ചത്തിൽ യിസ്രായേലും സിറിയയും തമ്മിൽ ദീർഘനാളുകളായി നിലനിന്നിരുന്ന പോരാട്ടം മാറ്റിവെച്ചു. അവർക്ക് യെഹൂദ്യയെ പിടിച്ചെടുത്ത് ഒരു കൈപ്പാവ ഭരണാധികാരിയെ സ്ഥാപിച്ചാൽ (യെശ. 7:5,6), അവർക്ക് അതിന്റെ ആളും അർത്ഥവും പ്രയോജനപ്പെടുത്താം.

**അവന്റെ ലോകം തകർന്നുകൊണ്ടിരുന്നപ്പോൾ ആഹാസിന്റെ പരിഹാരം എന്തായിരുന്നു? (2 രാജാ. 16:7–9; 2 ദിന. 28:16).**

അവനെയും അവന്റെ രാജ്യത്തെയും രക്ഷിക്കാൻ കഴിവുള്ള ഏക സുഹൃത്ത് ദൈവമാണെന്നു തിരിച്ചറിയുന്നതിനു പകരം, ആഹാസ് അവന്റെ ശത്രുക്കളുടെ ശത്രുവായ തിഗ്ലത്ത് പിലേസർ III നെ സുഹൃത്താക്കാൻ ശ്രമിച്ചു. യിസ്രായേലിനും സിറിയയക്കുമെതിരെ സഹായത്തിനായുള്ള അവന്റെ അപേക്ഷ അസ്സീരിയ രാജാവ് സന്തോഷത്തോടെ സമ്മതിച്ചു. തിഗ്ലത്ത് പിലേസറിന് ആഹാസിൽനിന്ന് വലിയൊരു കൈക്കൂലി ലഭിക്കുക മാത്രമല്ല, പിന്നെയോ സിറിയയെ കീഴടക്കുന്നതിനുള്ള ഒരു നല്ല ഒഴികഴിവ് ലഭിക്കുകയും ചെയ്തു. അത് അവൻ കൃത്യമായി ചെയ്തു (2 രാജാ. 16:9). സിറിയ-യിസ്രായേൽ സഖ്യത്തിന്റെ ശക്തി തകർക്കപ്പെട്ടു. ഒറ്റനോട്ടത്തിൽ, യെഹൂദയെ രക്ഷിച്ചത് ആഹാസ് ആണെന്ന് തോന്നി.

എന്നിരുന്നാലും, ആഹാസിന്റെ ഭാഗത്തുനിന്നുള്ള ഈ പ്രവൃത്തി, ഒരു ആശ്ചര്യമായി കാണരുത്. ആ സമയം വരെ യെഹൂദയെ ഭരിച്ച ഏറ്റവും മോശമായ രാജാക്കന്മാരിൽ ഒരാളായിരുന്നു അവൻ. (2 രാജാ. 16:3,4; 2 ദിന. 28:2–4 കാണുക).

**ആഹാസ് എപ്രകാരമുള്ളവനായിരുന്നു എന്നതിനെക്കുറിച്ച് നാം വായിക്കുമ്പോൾ, അവൻ എന്തുകൊണ്ട് അപകടത്തോട് അപ്രകാരം പ്രതികരിച്ചു എന്നത് മനസ്സിലാക്കാവുന്നതാണ്. ഒരു വ്യക്തിപരമായ നിലയ്ക്ക് നമുക്കായി എന്തു പാഠമാണ് ഇവിടുള്ളത്? നാം ഇപ്പോൾ ദൈവത്തെ അനുസരിക്കുന്നില്ല എങ്കിൽ, ശരിയായ പരീക്ഷകൾ വരുമ്പോൾ ആ സമയത്ത് നമുക്ക് അവനിൽ ആശ്രയിക്കുവാനുള്ള വിശ്വാസം ഉണ്ടാകും എന്ന് നമ്മെ ചിന്തിപ്പിക്കുന്നത് എന്താണ്? (യാക്കോബ് 2:22; യിരെ. 12:5).**

## വഴിതടയൽ ശ്രമം (യെശ. 7:3-9)

സിറിയയിൽനിന്നും യിസ്രായേലിൽനിന്നുമുള്ള ഭീഷണി നേരിടുന്നതിനുള്ള രാഷ്ട്രീയ സാദ്ധ്യതകൾ ആഹാസ് ആരാഞ്ഞുകൊണ്ടിരുന്നപ്പോൾ അവനറിയാത്ത ചില കാര്യങ്ങൾ ദൈവത്തിന് അറിയാമായിരുന്നു. അവനെ അവന്റെ ബോധത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും അവനെ അച്ചടക്കമുള്ളവനാക്കുന്നതിനും ദൈവമാണ്, ഈ കഷ്ടം അവന് കൊണ്ടുവന്നത് (2 ദിന. 28:5,19). ഇതുനുപുറമെ, തിഗ്ലത്ത് പിലേസറിനോട് സഹായം ആവശ്യപ്പെടുന്നത് യുക്തവും മാനുഷികവും ആകർഷകവുമായി തോന്നിയെങ്കിലും അത് ദാവീദ് വംശത്തിന്റെ യെഹൂദാ രാഷ്ട്രത്തെ വിദേശ നിയന്ത്രണത്തിലാക്കും എന്ന് ദൈവത്തിന് അറിയാമായിരുന്നു.

ദൈവം രാജാവിനെ തടയുന്നതിന് യെശയ്യാവിനെ അയച്ചു. അസ്സീര്യയുടെ നേതാവുമായി ബന്ധപ്പെടാതിരിക്കാൻ അവനെ പ്രേരിപ്പിച്ചു.

എന്തുകൊണ്ടാണ് ദൈവം യെശയ്യാവിനോട് അവന്റെ മകനായ ശെയാർ - യാശൂബിനെ അവനോടൊത്ത് കൊണ്ടുപോകാൻ പറഞ്ഞത്? (യെശ. 7:3).

യെശയ്യാവ് അവനെ അഭിവാദ്യം ചെയ്ത് "ഒരു ശേഷിപ്പ് തിരികെ വരും" എന്ന് പേരുള്ള അവന്റെ മകനെ പരിചയപ്പെടുത്തിയപ്പോൾ ആഹാസ് വെപ്രാളപ്പെട്ടിരിക്കണം. "ആരുടെ ശേഷിപ്പ്?" എന്തിൽനിന്ന് തിരികെ വരും? ആ ബാലന്റെ പിതാവ് ഒരു പ്രവാചകനായിരുന്നതിനാൽ, ജനങ്ങൾ അടിമത്തത്തിലേക്ക് പോകുന്നതിനെക്കുറിച്ച് ദൈവത്തിൽ നിന്നുള്ള പ്രകടമായ ഒരു സന്ദേശമായി തോന്നി, അതോ അത് അനുതപിക്കുക എന്ന അർത്ഥത്തിൽ ദൈവത്തിങ്കലേക്ക് തിരികെ വരുന്നതിനെക്കുറിച്ചാണോ ദൈവത്തിൽനിന്നും ആഹാസിനുള്ള സന്ദേശം ഇതായിരുന്നു: നീ അതിന് എന്ത് അർത്ഥം നൽകുന്നുവോ അതാണ് അതിന്റെ അർത്ഥം! നിന്റെ പാപങ്ങളിൽ നിന്നും തിരിയുക അല്ലെങ്കിൽ അടിമത്തത്തിലേക്കു പോക, അടിമത്തത്തിൽനിന്നും ഒരു ശേഷിപ്പ് തിരികെ വരും. തീരുമാനം നിന്റേതാണ്!

**രാജാവിന്റെ സാഹചര്യത്തെ എങ്ങനെയാണ് ദൈവത്തിന്റെ ദൂത് സംബോധന ചെയ്തത്? (യെശ. 7:4-9).**

യിസ്രായേലിൽനിന്നും സിറിയയിൽനിന്നുമുള്ള ഭീഷണി ഒഴിഞ്ഞുപോകും, യെഹൂദ ഒഴിവാക്കപ്പെടും. ആഹാസിന് വലിയ ജ്വലിക്കുന്ന അഗ്നി പർവ്വതങ്ങളായി തോന്നിയ ശക്തികൾ, ദൈവദൃഷ്ടിയിൽ "രണ്ട് പുകയുന്ന മുറിക്കൊള്ളികൾ" മാത്രമായിരുന്നു (യെശ. 7:4) ആഹാസിന് അസ്സീര്യയോട് സഹായം അഭ്യർത്ഥിക്കേണ്ട ആവശ്യമേയില്ലായിരുന്നു. എന്നാൽ ശരിയായ തീരുമാനം എടുക്കേണ്ടതിന്, ആഹാസ് ദൈവത്തെയും അവന്റെ വാഗ്ദത്തങ്ങളെയും ആശ്രയിക്കേണ്ടതുണ്ടായിരുന്നു. സ്ഥിരവാസമാകേണ്ടതിന് അവൻ വിശ്വസിക്കേണ്ടിയിരുന്നു (യെശ. 7:9). "വിശ്വസിക്കുക" "സ്ഥിരവാസം" എന്ന വാക്കുകൾ എബ്രായ ഭാഷയിലെ ഒരേ മൂലപദത്തിൽ നിന്നാണ്. "സത്യ"ത്തിനുള്ള വാക്കും ഇതിൽനിന്നാണ്.

**യെശ. 7:9 ന്റെ അവസാനഭാഗം നോക്കുക: "സ്ഥിരവാസം" ഉണ്ടാകേണ്ടതിന് എന്തുകൊണ്ടാണ് വിശ്വസവും ഉറപ്പും വളരെ പ്രധാനമായിരിക്കുന്നത്? എന്തിലുള്ള സ്ഥിരവാസം? ഈ തത്വം ക്രിസ്ത്യാനിയുടെ ജീവിതത്തിൽ എങ്ങനെയാണ് പ്രയോഗിക്കപ്പെടുന്നത്?**

## വേറൊരു ഊഴം (യെശ. 7:10-13)

വിശ്വാസത്തിനായുള്ള യെശയ്യാവിന്റെ വിളിയോട് ആഹാസ് പ്രതികരിച്ചില്ല. അതിനാൽ, ദൈവം കരുണയോടെ രാജാവിന് ഒരു അവസരംകൂടി നൽകി. "താഴെ പാതാളത്തിലോ മീതെ ഉയരത്തിലോ" (യെശ. 7:11) ഒരു അടയാളം കൂടി ചോദിക്കുവാൻ ആവശ്യപ്പെട്ടു. ഇവിടെ ഒരു മനുഷ്യജീവിക്ക് നൽകപ്പെട്ട എക്കാലത്തെയും വലിയ വിശ്വാസത്തിനുള്ള ക്ഷണമാണ് കാണുന്നത്. യാതൊരു ഉപാധിയും ദൈവം വച്ചില്ല. അവരുടെ ഔദാര്യത്തിന്റെ പാരമ്യത്തിലെത്തുമ്പോൾ മാനുഷിക ഭരണാധികാരികൾ ചെയ്യുംപോലെ രാജ്യത്തിന്റെ പകുതി നൽകാം എന്ന രീതിയിലും ദൈവം തന്റെ ദാനത്തെ പരിമിതപ്പെടുത്തിയില്ല. (എസ്ഥേർ 5:6; 7:2; മർക്കൊസ് 6:23 കാണുക). അവൻ വിശ്വസിക്കുക മാത്രം ചെയ്താൽ ഒരു ദുഷ്ടനായ രാജാവിനുവേണ്ടി സ്വർഗ്ഗവും ഭൂമിയും ഒന്നാകെ കാലിയാക്കാൻ അവൻ ഒരുക്കവും സന്നദ്ധനുമായിരുന്നു!

**എന്തുകൊണ്ടാണ് ആഹാസ് പ്രതികരിച്ചതുപോലെ ചെയ്തത്? (യെശയ്യാവ് 7:12).**

ആദ്യനോട്ടത്തിൽ, ആഹാസിന്റെ ഉത്തരം ശക്തിയുള്ളതും ആദരണീയവുമായി തോന്നാം. യിസ്രായേല്യർ ചെയ്തതുപോലെ അവൻ ദൈവത്തെ പരീക്ഷിക്കില്ല (പുറ. 17:2; ആവ. 6:16). എന്നാൽ വ്യത്യാസം എന്തെന്നാൽ അവനെ പരീക്ഷിക്കുവാൻ ദൈവം അവനെ ക്ഷണിച്ചു എന്നതാണ് (മലാഖി 3:10 മായി താരതമ്യം ചെയ്യുക). അവനെ പൂർണ്ണമായി കീഴ്പ്പെടുത്തുന്നതും ഉദാരവുമായ ദാനം സ്വീകരിക്കുന്നത് അവനെ പ്രീതിപ്പെടുത്തുമായിരുന്നു, അവന്റെ ക്ഷമയെ പരീക്ഷിക്കില്ല. എന്നാൽ വിശ്വസിക്കുന്നതിൽ അവനെ സഹായിക്കാൻ ദൈവത്തെ പോലും ആഹാസ് അനുവദിച്ചില്ല. വിശ്വാസത്തെ പടിക്കു പുറത്ത് നിർത്തുന്നതിന് അവൻ അവന്റെ ഹൃദയ കവാടം കുറ്റിയിട്ട് കൊട്ടിയടച്ചു.

**യെശ. 7:13 വായിക്കുക. എന്താണ് യെശയ്യാവ് ഇവിടെ പറയുന്നത്?**

ബാഹ്യമായി ദൈവത്തിന്റെ ക്ഷമ പരീക്ഷിക്കാതിരുന്ന ആഹാസ് വാസ്തവത്തിൽ ദൈവത്തിന്റെ ക്ഷമയെ പരീക്ഷിക്കുകയായിരുന്നു എന്ന് യെശയ്യാവ് ചൂണ്ടിക്കാട്ടി. എന്നാൽ യെശ. 7:11 ന് വിരുദ്ധമായി ഇവിടെ എന്റെ ദൈവം എന്ന് യെശയ്യാവ് ഉപയോഗിക്കുന്നു എന്ന വസ്തുതയാണ് ഏറ്റവും അസ്വസ്ഥതയുണ്ടാക്കുന്ന കാര്യം. അവിടെ പ്രവാചകൻ രാജാവിനോട് ആവശ്യപ്പെടുന്നത് "നിന്റെ ദൈവമായ" കർത്താവിനോട് ഒരു അടയാളം ആവശ്യപ്പെടാനാണ്. ആഹാസ് ദിവ്യമായ വാഗ്ദാനം നിരസിച്ചപ്പോൾ, കർത്താവിനെ തള്ളിക്കളയുകയായിരുന്നു. കർത്താവ് യെശയ്യാവിന്റെ ദൈവമായിരുന്നു - ആഹാസിന്റേത് ആയിരുന്നില്ല.

**ദൈവത്തിന്റെ ദീർഘക്ഷമയെയും നമ്മെ ഏവരെയും രക്ഷയിലേക്ക് കൊണ്ടുവരുവാനുള്ള അവന്റെ സന്നദ്ധതയെയും കുറിച്ച് ഇന്നത്തെ പാഠം നമ്മെ എന്തു പഠിപ്പിക്കുന്നു? പൂർണ്ണമായി കർത്താവിന് കീഴ്പ്പെടാത്തപ്പോൾ ഉള്ള മനുഷ്യ ഹൃദയത്തിന്റെ കാഠിന്യത്തെയും അന്ധതയെയും കുറിച്ചു ഇത് എന്ത് പറയുന്നു? ഒടുവിൽ, അവൻ ആഗ്രഹിച്ചിരുന്ന എന്തെങ്കിലും അടയാളം ദൈവം ആഹാസിന് നൽകിയിരുന്നാൽപോലും ആഹാസ് അപ്പോൾ വിശ്വസിക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരം വിശദീകരിക്കുക.**

## ഒരു പുത്രന്റെ അടയാളം (യെശ. 7:14)

“താഴെ പാതാളത്തിലോ മീതെ ആകാശത്തിലോ” (യെശയ്യാവ് 7:11). ഒരു അടയാളത്തിന്റെ വാഗ്ദാനം ആഹാസിൽ ചലനം ഉണ്ടാക്കിയില്ല. അതിനാൽ അവൻ തന്നെ ഒരു അടയാളവുമായി വരും എന്ന് ദൈവം പറയുമ്പോൾ (യെശ. 7:14). അതിന് ദിവ്യമായ ഭാവനയുടെ വലിപ്പം ഉണ്ടായിരിക്കും (യെശ. 55:9; 1 കൊരി. 2:9).

ആശ്ചര്യം! അടയാളം ഒരു മകനാണ്. ഒരു കന്യക ഗർഭിണിയാകയും കുഞ്ഞിനെ “ഇമ്മാനുവേൽ” എന്നു വിളിക്കുകയും ചെയ്യുന്നു.

**ആരാണ് ആ സ്ത്രീയും കുഞ്ഞും? ഈ അടയാളത്തിന്റെ പൂർത്തീകരണം പഴയനിയമത്തിൽ ഒരിടത്തും ചൂണ്ടിക്കാണിച്ചിട്ടില്ല (ന്യായാ. 6:36-40). പഴയനിയമത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള ചില സാദ്ധ്യമായ നിവൃത്തിയാകലുകൾ ഇതാ:**

1. “യുവതി” എന്ന വാക്ക് കല്യാണ പ്രായമെത്തിയ സ്ത്രീയെ സൂചിപ്പിക്കുന്നതുകൊണ്ട്, അവൾ ഒരു വിവാഹിതയായ സ്ത്രീ ആണെന്നാണ്. ഒരുപക്ഷേ യെശയ്യാവിന്റെ ഭാര്യ. “പ്രവാചകി”യിൽ യെശയ്യാവിന് ഒരു മകൻ പിറക്കുന്നതിനെക്കുറിച്ച് യെശയ്യാവ് 8:3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുഞ്ഞുങ്ങളെക്കുറിച്ചെങ്കിലും ഉള്ള പ്രവാചക സന്ദേശങ്ങൾ അവന്റെ ഭാര്യയെ സൂചിപ്പിക്കുന്നു: (യെശയ്യാവ് 7:3; 8:18). ഈ മകന് മഹേർ-ശാലാൽ ഹാശ്-ബസ് എന്ന് പേരിട്ടു, ഇമ്മാനുവേൽ എന്നല്ല (യെശ. 8:1-4).

2. ഇമ്മാനുവേൽ എന്നത് അടുത്ത രാജാവായിത്തീർന്ന ആഹാസിന്റെ മകൻ യെഹസ്ക്കീയാവ് ആകാമെന്നാണ്. എന്നാൽ ഒരിടത്തും അവന് ഇമ്മാനുവേൽ എന്ന പേരില്ല.

3. “ഇമ്മാനുവേൽ” അഥവാ “ദൈവം നമ്മോടുകൂടെ” എന്നത് ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. യെശയ്യാവ് 9 ലും 11 ലും പ്രവചിക്കപ്പെട്ടിരിക്കുന്ന വിശേഷപുത്രൻ തന്നെ. ദിവ്യനെന്നും “യിശ്ശായി വേര്” എന്നതും ഹിസ്ക്കീയാവിനെ തള്ളിക്കളയുന്നു.

4. അവിവാഹിതയായ സ്ത്രീ സ്വാഭാവികമായി ജന്മം നൽകിയാൽ അത് ഒരു ജാരസന്തതിയാകും (ആവ. 22:20,21 കാണുക). വിശ്വാസം പ്രചോദിപ്പിക്കാനുള്ള ഒരു അടയാളമായി അപ്രകാരം ഒരു കുട്ടിയെ ദൈവം എന്തുകൊണ്ട് പ്രതിപാദിക്കും?

ഇതിനു വിരുദ്ധമായി, പുതിയനിയമം യേശുവിനെ ഇമ്മാനുവേലായി ചിത്രീകരിക്കുന്നു (മത്തായി 1:21-23). കല്യാണ നിശ്ചയം കഴിഞ്ഞ ഒരു കന്യകയിൽ യേശു ദിവ്യപുത്രനും (യെശ. 9:6; മത്തായി 3:17) യിശ്ശായിയുടെ “കുറ്റിയിൽ” നിന്നും “വേരിൽ” നിന്നും ജനിച്ചവനായി (യെശ. 11:1,10; വെളി. 22:16). എന്നാൽ നാം അറിയേണ്ടത്: “എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി” (ഗലാ. 4:4) നമ്മോടൊത്ത് ദൈവസാന്നിദ്ധ്യം നൽകുവാൻ അയച്ചു.

**മാനവരിലേക്കുള്ള ക്രിസ്തുവിന്റെ വരവിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക. കരുത്തില്ലാത്തതും ഭയാനകവും തണുത്തതുമായി തോന്നുന്ന ലോകത്തിൽ ഈ യാഥാർത്ഥ്യത്തിന് എപ്രകാരമുള്ള ആശ്വാസമാണ് നൽകാൻ കഴിയുക?**

## “ദൈവം നമ്മോട് കൂടെയുണ്ട്” (യെശ. 7:14)

യെശയ്യാവിന്റെ മക്കളുടെ പേരുകൾ പോലെ (ശെയാർ – യാശൂബ്, “ഒരു ശേഷിപ്പ് മടങ്ങിവരും” മഹേർ-ശാലാൽ-ഹാശ്-ബസ്, ഇതിന്റെ അർത്ഥം “വേഗത്തിലുള്ള ഇരയാണ് കൊള്ള”) എന്നാൽ പൊതുവേ സ്വീകാര്യമായ “ദൈവം നമ്മോടുകൂടെ” എന്ന പരിഭാഷയിൽ പ്രധാനപ്പെട്ട എന്തോ നഷ്ടമായിരിക്കുന്നു. ക്രിയകളുടെ അഭാവമുള്ള ഇതേപോലുള്ള മറ്റ് എബ്രായ പേരുകളിൽ, “ആയിരിക്കുക” എന്ന ക്രിയ പ്രയോഗിക്കണം. കാരണം ഇത് എബ്രായ ഭാഷയിൽ പ്രകടമാകുന്നില്ല. അതിനാൽ ഇമ്മാനുവേൽ എന്നത് “ദൈവം നമ്മോടുകൂടെ ഉണ്ട്” എന്ന് പരിഭാഷപ്പെടുത്തണം (യെശയ്യാവ് 8:10 ലുള്ള ഇതേ വാക്കുകൾ താരതമ്യം ചെയ്യുക). “യേശു” (ഗ്രീക്ക്, എബ്രായ ഭാഷയിൽ യെഹോശുവ അല്ലെങ്കിൽ യോശുവ) എന്നതിന് അർത്ഥം: “ദൈവം രക്ഷയാകുന്നു.” ഇവിടെ വീണ്ടും ക്രിയ നൽകപ്പെടുന്നു (യെശയ്യാവുമായി താരതമ്യം ചെയ്യുക “യഹോവയുടെ രക്ഷ” എന്നർത്ഥം). എന്നാൽ “ഇമ്മാനുവേൽ” എന്ന പേര് വെറും വിവരണമല്ല. ഇപ്പോൾ നിവൃത്തിയായ ഒരു വാഗ്ദത്തത്തിന്റെ ഉറപ്പാണ്: “ദൈവം നമ്മോടു കൂടെ ഉണ്ട്.”

**ദൈവം നമ്മോട് കൂടെ ഉണ്ട് എന്ന വാഗ്ദത്തത്തിന്റെ പ്രാധാന്യമെന്ത്?**

ഇതിനേക്കാൾ കൂടുതൽ ആശ്വാസമോ ശക്തമായ ഉറപ്പോ വേറെയില്ല. അവന്റെ ജനങ്ങൾ വേദനയോ കഷ്ടപ്പാടോ അനുഭവിക്കുകയില്ല എന്ന് ദൈവം വാഗ്ദത്തം ചെയ്യുന്നില്ല എന്നാൽ അവൻ അവരോടൊത്ത് ആയിരിക്കാമെന്ന് വാഗ്ദത്തം ചെയ്യുന്നു. “കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല: നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു” (സങ്കീ. 23:4). “നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടി ഇരിക്കും; നീ നദികളിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല” (യെശയ്യാവ് 43:2). “ബാബിലോണിയർ ദാനിയേലിന്റെ മൂന്ന് സുഹൃത്തുക്കളെ തീച്ചൂളയിൽ എറിഞ്ഞപ്പോൾ ദൈവം അവരോടൊത്തുണ്ടായിരുന്നു (ദാനിയേൽ 3:23–25). യാക്കോബിന്റെ കഷ്ടസമയത്ത് മൽപ്പിടിത്തത്തിൽ ദൈവം കൂടെയിരുന്നു (ഉല്പത്തി 32:24–30).

“ഭൗതിക രൂപത്തിൽ ഭൂമിയിൽ ദൈവം പ്രത്യക്ഷപ്പെടാത്തപ്പോൾ പോലും നമ്മോടുകൂടെയുണ്ട്. ജനക്കൂട്ടം സ്തെഫാനൊസിനെ കുറ്റം വിധിച്ചപ്പോൾ യേശു ദൈവത്തിന്റെ വലതുഭാഗത്ത് നില്ക്കകയായിരുന്നു (അ.പ്ര. 7:55). എന്നാൽ യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ, അവൻ ‘ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയായിരുന്നു’ (എബ്രായർ 1:3). സ്തെഫാനൊസ് പ്രശ്നത്തിലായി കല്ലെറിഞ്ഞു കൊല്ലപ്പെടാറായപ്പോൾ എന്തുകൊണ്ടാണ് അവൻ നിന്നത്? മോറിസ് പെൻഡൻ പറഞ്ഞതുപോലെ, യേശു ആ രംഗം ഇരുന്നുകൊണ്ട് കാണാൻ ആഗ്രഹിച്ചില്ല!

**“ദൈവം നമ്മോടു കൂടെയുണ്ട് എന്ന വാഗ്ദത്തം നാം ഭയാനകമായ പരീക്ഷകളും കഷ്ടപ്പാടുകളും നേരിടുമ്പോൾ എന്ത് വ്യത്യാസമാണ് ഉണ്ടാക്കുന്നത്? അങ്ങനെയെങ്കിൽ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അറിവ് നമുക്ക് എന്താണ് നൽകുന്നത്? നിങ്ങളുടെ ഉത്തരം വിശദീകരിക്കുക.**

## കൂടുതൽ പഠനം:

"അവൻ ഇമ്മാനുവേൽ എന്ന് പേർ വിളിക്കപ്പെടും... ദൈവം നമ്മോടുകൂടെ." ദൈവമഹിമയെക്കുറിച്ചുള്ള അറിവിന്റെ പ്രകാശം യേശുക്രിസ്തുവിന്റെ മുഖത്ത് കാണപ്പെടും. നിത്യതയുടെ നാളുകൾ മുതൽ കർത്താവായ യേശുക്രിസ്തു പിതാവിനോടൊത്ത് ഒന്നായിരുന്നു അവൻ 'ദൈവത്തിന്റെ സ്വരൂപമായിരുന്നു', അവന്റെ മഹിമയുടെയും മഹത്വത്തിന്റെയും സ്വരൂപം. അവന്റെ മഹത്വത്തിന്റെ പ്രകാശം. ഈ മഹത്വം വെളിവാക്കാനാണ് അവൻ നമ്മുടെ ഭൂമിയിൽ വന്നത്. ഈ പാപാന്ധകാരമായ ലോകത്തിൽ അവൻ ദൈവസ്നേഹത്തിന്റെ വെളിച്ചം വെളിവാക്കാനായി വന്നു. നമ്മോടൊത്ത് ദൈവം ആയിരിക്കുവാൻ. അതിനാലാണ് അവനെക്കുറിച്ച് പ്രവചിക്കപ്പെട്ടത്, 'അവൻ ഇമ്മാനുവേൽ എന്ന് പേർ വിളിക്കപ്പെടും' ഇത് സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദേശമായി ആഹാസ് സ്വീകരിച്ചിരുന്നെങ്കിൽ അത് യെഹൂദാ രാജ്യത്തിന് നന്മ ആയിരുന്നേനെ. എന്നാൽ ജഡത്തിന്റെ കരത്തിൽ ചാരാൻ തിരഞ്ഞെടുത്ത് അവൻ വിഗ്രഹാരാധികളിൽ നിന്നും സഹായം അഭ്യർത്ഥിച്ചു. കടുത്ത നിരാശയിൽ അവൻ അസ്സീര്യ രാജാവായ തിഗ്ലത്ത് പിലേസറിന് സന്ദേശമയച്ചു: "ഞാൻ നിന്റെ ദാസനും നിന്റെ പുത്രനും ആകുന്നു; നീ വന്ന് എന്നോട് എതിർത്തിരിക്കുന്ന അരാം രാജാവിന്റെ കൈയിൽ നിന്നും യിസ്രായേൽ രാജാവിന്റെ കൈയിൽ നിന്നും എന്നെ രക്ഷിക്കണമെന്നു പറയിച്ചു" (2 രാജാ. 16:7). ഈ അപേക്ഷയോടൊപ്പം രാജാവിന്റെ ഖജനാവിൽനിന്നും ദൈവാലയത്തിന്റെ ഭണ്ഡാരത്തിൽ നിന്നും വിലയേറിയ സമ്മാനവുമുണ്ടായിരുന്നു."

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **നിങ്ങൾ ഒരു തീരുമാനം എടുക്കുന്നതിന്റെ പ്രക്രിയയിൽ ആയിരിക്കുമ്പോൾ, ഒരു അടയാളത്തിനായി ദൈവത്തോട് ചോദിക്കുന്നത് അനുയോജ്യമാണോ? ഇപ്രകാരമൊരു കാര്യം ചെയ്യുന്നതിൽ സ്വതവേ അടങ്ങിയിരിക്കുന്ന അപകടങ്ങൾ എന്താണ്?**
2. **റഷ്യക്കാരനായ എഴുത്തുകാരൻ ലിയോ ടോൾസ്റ്റോയ് ഒരു സുഹൃത്തിന് എഴുതി "മരണമാണ് സകലത്തിന്റെയും അവസാനം എന്ന് ഒരിക്കൽ ഒരു മനുഷ്യൻ തിരിച്ചറിഞ്ഞു കഴിഞ്ഞാൽപ്പിന്നെ ജീവിതത്തെക്കാളും മോശമായ മറ്റൊന്നില്ല" ഇപ്രകാരമൊരു പ്രസ്താവനയ്ക്ക് "ദൈവം നമ്മോടുകൂടെയുണ്ട്." എന്ന അറിവ് എങ്ങനെ ഉത്തരം നൽകും?**
3. **മനുഷ്യ സഹായം നല്ലതാണ്, എന്നാൽ അതിന്റെ പരിധികൾ നിങ്ങൾ എങ്ങനെ തിരിച്ചറിയും?**

**സംഗ്രഹം: വിശ്വാസമില്ലാത്ത ആഹാസ് രാജാവിനെ ഒരു കടുത്ത തീരുമാനം എടുക്കേണ്ട സാഹചര്യങ്ങളിലേക്ക് ദൈവം കൊണ്ടുവന്നു. വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യുക, ഇതാണ് ചോദ്യം. അവന്റെ ഭാവനയിൽ ആസൂത്രണം ചെയ്യാവുന്ന ഏതൊരു അടയാളവും നൽകാൻ ദൈവം സമ്മതിച്ചെങ്കിലും അവൻ വിശ്വസിക്കേണ്ടതിന് ഒരു കാരണം കാണിക്കാൻ ദൈവത്തെ അനുവദിക്കുന്നതിന് അവർ വിസമ്മതിച്ചു. പകരം, അവൻ അവന്റെ "സുഹൃത്തായി" അസ്സീര്യയുടെ രാജാവിനെ തിരഞ്ഞെടുത്തു.**